# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

ദൈവത്തെക്കൊണ്ടു നിറയാനായി നിങ്ങളുടെ ഹൃദയങ്ങളെ ശൂന്യമാക്കുക- പാപ്പാ



ഭൗതികസമ്പത്തുകളോട് ഏറെ പ്രണയത്തിലായതുകൊണ്ടാണ് ദൈവത്തിന്റെ വിളി കേൾക്കാൻ പല ചെറുപ്പക്കാർക്കും കഴിയാത്തതെന്ന് പാപ്പാ പറഞ്ഞു. തിങ്ക ളാഴ്ചത്തെ കുർബാനപ്രസംഗത്തിലായിരുന്നു പാപ്പായുടെ ആഹ്വാനം."പലയിനം സമ്പത്തുകളാൽ നിറഞ്ഞിരിക്കുന്ന ഹൃദയങ്ങൾ ശൂന്യമായിത്തീരാൻ നാം പ്രാർത്ഥി ക്കണം" പാപ്പാ പറഞ്ഞു.

മർക്കോസിന്റെ സുവിശേഷത്തിലെ ധനികനായ ചെറുപ്പക്കാരന്റെ മനോഭാവമായിരുന്നു ചിന്താവിഷയം"അയാൾ വളരെ നല്ലൊരു മനുഷ്യനായിരുന്നു; ചെറുപ്പം മുതൽ എല്ലാ കൽപനകളും പാലിച്ചിരുന്നൊരു വ്യക്തി." "എന്നാലും അയാൾ അതുകൊണ്ട് തൃപ്തനായിരുന്നില്ല. അയാൾക്ക് കൂടുതൽ വേണമായിരുന്നു. പരിശുദ്ധാത്മാവ് അയാളെ പ്രേരിപ്പിക്കുകയായിരുന്നു."

യേശുവിന്റെ ആഹ്വാനവും, അയാൾ സങ്കടത്തോടെ തിരിച്ചുപോയതും അനു സ്മരിച്ചുകൊണ്ട് പാപ്പാ പറഞ്ഞു:"അയാൾ അസ്വസ്ഥനായിരുന്നെങ്കിലും, യേശുവി നോട് കൂടുതൽ അടുക്കാൻ ആഗ്രഹിച്ചിരുന്നെങ്കിലും, അയാളുടെ ഹൃദയം സമ്പത്തു കൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു. അത് ശൂന്യമാക്കിയെടുക്കാനുള്ള ധൈര്യം അയാ ൾക്കില്ലായിരുന്നു."

"അവൻ തിരഞ്ഞെടുത്തത് പണത്തെയായിരുന്നു. അവന്റെ ഹൃദയംനിറയെ ധനമായിരുന്നു. അയാളൊരു കള്ളനല്ലായിരുന്നു; പിടിച്ചുപറിക്കാരനല്ലായിരുന്നു; അയാൾ നല്ലൊരു മനുഷ്യനായിരുന്നു. നേരായ മാർഗ്ഗത്തിലൂടെ സമ്പാദിച്ച പണമായിരുന്നു അയാളുടേത്."

"എന്നിട്ടും അയാളുടെ ഹൃദയം പണത്തിന് അടിമപ്പെട്ടിരുന്നു; അത് സ്വതന്ത്രമാ യിരുന്നില്ല. തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അയാൾക്ക് നഷ്ടപ്പെട്ടിരുന്നു."

പല ചെറുപ്പക്കാരും കർത്താവിന്റെ മുമ്പിൽ മുട്ടുകുത്താനും തങ്ങളുടെ വിശ്വാസം പ്രകടിപ്പിക്കാനും തയ്യാറാണെന്ന് പാപ്പാ പറഞ്ഞു."എന്നാൽ അവരുടെ ഹൃദയം മറ്റു പല സമ്പത്തിനാൽ നിറഞ്ഞിരിക്കുകയും അത് ശൂന്യമാക്കാൻ അവർക്ക് ധൈര്യമില്ലാതിരി

ക്കുകയും ചെയ്യുമ്പോൾ സന്തോഷം നഷ്ടപ്പെട്ട് അവർ ദു:ഖിതരാകുകയും യേശുവിൽ നിന്ന് മടങ്ങി പോകുകയും ചെയ്യുന്നു."

ദൈവവിളിയുള്ള അനേകം ചെറുപ്പക്കാരെ മറ്റു പല കാര്യങ്ങളാണ് തടസ്സപ്പെടുത്തുന്നതെന്ന് പാപ്പാ പറഞ്ഞു. അതിനാൽ നമ്മൾ അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും, ഹൃദയം ശൂന്യമാക്കാനുള്ള ധൈര്യം അവർക്ക് കിട്ടാനായി അപേക്ഷിക്കണമെന്നും പാപ്പാ പറഞ്ഞു.